"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്-വിവിധ മൈനർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയങ്ങൾക്ക് കീഴിലുള്ള സെക്ഷൻ ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് താത്കാലിക ഇംപ്രസ്റ്റ് തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് -ഭേദഗതി വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം.ഐ) വകുപ്പ്**

സ.ഉ.(സാധാ) നം.295/2024/WRD തീയതി,തിരുവനന്തപുരം, 08-04-2024

---

പരാമർശം:-
1. 21/08/2019 തീയതിയിലെ സ.ഉ(പി) നം.111/2019/ധന നമ്പർ ഉത്തരവ്
2. 23/07/2021 തീയതിയിലെ സ.ഉ (സാധാ) നം.382/2021/ ജവിവ നമ്പർ ഉത്തരവ്
3. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 02/08/2022 തീയതിയിലെ എഫ് 6/36672/2019 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം 2021-2022 സാമ്പത്തിക വർഷം 2702-01-800-94-00-34-3-NV എന്ന ശീർഷകത്തിൻ കീഴിൽ 26.5 കോടി രൂപ വകയിരുത്തി വിവിധ മൈനർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയങ്ങൾക്ക് കീഴിലുള്ള സെക്ഷൻ ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് BAMS/BIMS മുഖേന മുൻകൂർ ആയി താത്കാലിക ഇംപ്രസ്റ്റ് തുക പിൻവലിക്കുന്നതിനുള്ള അനുമതി ടി തുക അതേ സാമ്പത്തികവർഷം തന്നെ settlement ചെയ്യേണ്ടതാണെന്നുള്ള നിബന്ധനയോടെ അനുവദിച്ച് നൽകിയിരുന്നു.

2. മേജർ, മൈനർ ഇറിഗേഷൻ വിഭാഗങ്ങൾക്ക് ഇംപ്രസ്റ്റ് തുക നൽകുന്നതിന് വ്യത്യസ്തമായ രീതിയിലാണ് സർക്കാർ അനുമതി ലഭിച്ചിരിക്കുന്നതെന്ന് പരാമർശം3-ലെ കത്ത് മുഖേന ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.ആയതിന്മേലുള്ള നടപടികളിലെ വൈരുദ്ധ്യവും കാലതാമസവും ഒഴിവാക്കുന്നതിനായി ഉത്തരവുകളിൽ സ്പഷ്ടീകരണം നൽകി ഇംപ്രസ്റ്റ് തുക അടിയന്തരമായി അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ പരാമർശം2-ലെ കത്ത് പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള മേജർ, മൈനർ വിഭാഗങ്ങളിൽ ഇംപ്രസ്റ്റ് തുക നൽകുന്നതിൽ സമാനമായ രീതി അവലംബിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി.BIMS/BAMS വഴി ഇംപ്രസ്റ്റ് തുക നല്കുന്ന മൈനർ വിഭാഗത്തിലെ നിലവിലുള്ള രീതി അവസാനിപ്പിച്ചും ലെറ്റർ ഓഫ് ക്രെഡിറ്റ് വഴി ഇംപ്രസ്റ്റ് തുക നല്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

4. ആവശ്യമായ തുകയ്ക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റിനു വേണ്ടി EMLI വഴിയുള്ള Proposal ID അടക്കമുള്ള ശിപാർശ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിക്കേണ്ടതാണ്.

5.മേൽ ഭേദഗതിയോടെ പരാമർശം (2)ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

1.ചീഫ് എഞ്ചിനീയർ ,ജലസേചനവും ഭരണവും,തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ് ) കേരളം, തിരുവനന്തപുരം

3.ധനകാര്യവകുപ്പ് (09/01/2023 തീയതിയിലെ 2188823/അഗ്രി-ബി1/382/2022-ധന നമ്പർ അഭിപ്രായ പ്രകാരം

4.പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്

5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പിന്

6. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sandhya.s.nair
Date: 09-04-2024 11:53:18
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു: ജലവിഭവ വകുപ്പ് മന്ത്രിയുടെ പി. എസ്-ന്

ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്

ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്